

15-02-2022

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/02/2022

1. ചെറുകിട ഇടത്തര കാർഷിക വ്യവസായ പദ്ധതി - എംഎസ്എംഇ (MSME) സ്കീമിന് കീഴിലുള്ള സബ്സിഡിക്ക് ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു. 25 ലക്ഷം രൂപ വരെയുള്ള സൂക്ഷ്മതല സംരംഭങ്ങൾക്ക് 50 ശതമാനവും (പരമാവധി 10 ലക്ഷം രൂപ) 25 ലക്ഷം മുതൽ ഒരു കോടി രൂപ വരെയുള്ള ചെറുകിട സംരംഭങ്ങൾക്ക് 40 ശതമാനവും (പരമാവധി 25 ലക്ഷം രൂപ) ഒരു കോടി മുതൽ 5 കോടി രൂപ വരെയുള്ള ഇടത്തരം സംരംഭങ്ങൾക്ക് 30 ശതമാനവും (പരമാവധി 50 ലക്ഷം രൂപ) ആനുകൂല്യം ഈ പദ്ധതിയിൻ കീഴിൽ ലഭ്യമാണ്. www.sfackerala.org എന്ന വെബ്സൈറ്റ് വഴി **ഇന്നു** (15-02-2022) മുതൽ ഓൺലൈനായി അപേക്ഷിക്കവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2742110, 9383470280, 9383470281, 9383470282** എന്നീ ഫോൺ നമ്പരുകളിലോ **1800-425-1661** എന്ന കാർഷിക വിവരസങ്കേതം ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടുക.

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തിവരുന്നു. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും, അവരുടെ പരിധിയിലുള്ള കൃഷി ഭവനുകളിൽ **ഈ മാസം 28 നു** (ഫെബ്രുവരി 28) മുൻപായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്. മാതൃക ഫോറം കൃഷിഭവനുകളിൽ ലഭ്യമാണ്.

3. കർഷകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സഹകരണസംഘങ്ങൾ മുഖേന കൃഷിവകുപ്പ് കൊപ്ര സംഭരിക്കുന്നു. കൊപ്രയുടെ താങ്ങുവിലയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ 105 രൂപ 90 പൈസ ആയിരിക്കും കർഷകർക്ക് ലഭ്യമാകുന്നത്. ഇതിനായി കർഷകർ നാഫെഡ് ഇ- സമൃദ്ധി പോർട്ടലിൽ സംഭരിക്കുന്ന സൊസൈറ്റികൾ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. പച്ച തേങ്ങ കൊപ്രയാക്കാൻ ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ലാത്ത കർഷകരിൽനിന്നും പ്രാദേശിക സഹകരണ സംഘങ്ങൾ തൊണ്ട് കളഞ്ഞ പച്ചത്തേങ്ങ സംഭരിച്ചു കൊപ്രയാക്കി സംഭരണ ഏജൻസികൾക്ക്

കൈമാറുന്നതായിരിക്കും. കർഷകർ ബന്ധപ്പെട്ട കൃഷി ഓഫീസിൽ നിന്നും ആവശ്യമായ സർട്ടിഫിക്കറ്റ് കൂടി സംഭരണ കേന്ദ്രത്തിൽ ഹാജരാക്കേണ്ടതാണ്.

4. തിരുവനന്തപരും ജില്ലയിലെ ഒറ്റൂർ കൃഷിഭവനി**ൽ ജൈവ പച്ചക്കറി കൃഷി, ഇടവിള കൃഷി വികസനം, സമഗ്ര തെങ്ങുകൃഷി പരിപാലനം** എന്നീ പദ്ധതികൾ പ്രകാരമുള്ള വിത്ത്, വളം എന്നിവയുടെ വിതരണം ആരംഭിച്ചിരിക്കുന്നു. ഗുണഭോക്താക്കൾ കൃഷിഭവനിൽ നിന്നും സാധനം കൈപ്പറ്റണമെന്ന് കൃഷിഓഫീസർ അറിയിച്ചു.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഈ മാസം 28-ന് (**ഫെബ്രുവരി 28-**ന്) മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000921, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കുറ്റിച്ചൽ പഞ്ചായത്ത് നടപ്പിലാക്കുന്ന **ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, ധാതുലവണമിശ്രിതം** എന്നീ പദ്ധതികൾക്ക് ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകളുമായി ഈ മാസം 25-ന് (ഫെബ്രുവരി 25) മുമ്പായി കുറ്റിച്ചൽ മൃഗാശുപത്രിയിൽ അപേക്ഷ നൽകണമെന്ന് കുറ്റിച്ചൽ മൃഗാശുപത്രി വെറ്ററിനറി സർജൻ അറിയിച്ചു.

7. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 18 വരെ (ഫെബ്രുവരി 18) പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി

ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. കാർഷിക സർവകലാശാലയുടെ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ താൽകാലിക അടിസ്ഥാനത്തിൽ പ്രൊജക്ട് ഫെല്ലോയേയും പ്രൊജക്ട് അസിസ്റ്റന്റിനേയും നിയമിക്കുന്നു. പ്രൊജക്ട് ഫെല്ലോയ്ക്ക് എം. എസ്. സി സുവോളജിയും പ്രൊജക്ട് അസ്സിസ്റ്റന്റിന് അഗ്രിക്കൾച്ചറൽ ഡിപ്ലോമയുമാണ് അടിസ്ഥാന യോഗ്യത. അപേക്ഷ സമർപ്പിക്കേണ്ട വിലാസം **അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, മേലെ പട്ടാമ്പി, പാലക്കാട്- 679306.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നാളെയാണ് (16.02.2022). കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടികൾ**

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കാർഷിക യന്ത്രങ്ങളുടെ ഉപയോഗവും അറ്റകുറ്റ പണികളും"** എന്ന വിഷയത്തിൽ ഫെബ്രുവരി 25 മുതൽ മാർച്ച് 8 വരെ പതിനഞ്ച് ഗുണഭോക്താക്കൾക്ക് ഒരു പ്രവൃത്തി പരിചയ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 18 നും 50 നും ഇടയ്ക്ക് പ്രായമുള്ള, താൽപര്യമുള്ള പരിശീലനാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ 10 മണി മുതൽ 5 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ ഈ മാസം 17,18 (ഫെബ്രുവരി 17,18) **പന്നി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **"പന്നി വളർത്തൽ"** എന്നു മാത്രം എഴുതി വാട്ട്സാപ്പ് സന്ദേശം **6282609040** എന്ന നമ്പരിലേക്ക് ഇന്ന് രാവിലെ 8 മണിക്കകം അയയ്ക്കുക. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം